## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 515** **29.11.2018 ൽ മറുപടിക്ക്.**

## വാണിജ്യ നികുതി വരുമാനം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷമുള്ള വാണിജ്യ നികുതി വരുമാനം താരതമ്യ പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | 2017-18 സാമ്പത്തിക വർഷം ജൂലൈ മുതൽ ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള മൊത്തം നികുതി വരുമാനം (ജി.എസ്.ടി ഉൾപ്പെടെ) 27857.48 കോടി രൂപയാണ്. 2016-17 ലെ ഈ കാലയളവിലുള്ള മൊത്തം വരുമാനം 24072.80 ആണ്. ഇത് 16 ശതമാനം വർദ്ധനവ് കാണിക്കുന്നു. |
| (ബി) | ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷം വാണിജ്യ നികുതി വരുമാനത്തിന്റെ ഗ്രാഫ് നില പരിശോധിച്ചിട്ടുണ്ടോ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | മൊത്തം നികുതി വരുമാനം ജി.എസ്.ടി, കെ.ജി.എസ്.ടി ഉൾപ്പെടെ ചരക്കു സേവന നികുതി നടപ്പിലാക്കിയതിനുശേഷം 16 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്, പ്രാപ്യസ്ഥാനാധിഷ്ഠിത ഉപഭോക്തൃ നികുതിയായതിനാൽ ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ ഗണ്യമായ നികുതി വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെത്തുടർന്ന് പൂർണ്ണ വിവരങ്ങളോടു കൂടിയ റിട്ടേണുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. വിവിധ വാണിജ്യ വ്യവസായ സേവന മേഖലകളുടെ പരാതി പരിഗണിച്ച് റിട്ടേണിൽ മാറ്റങ്ങൾ വരുത്താൻ ജി.എസ്.ടി |

| | | | |
|---|---|---|---|
| | | | കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതിനെ തുടർന്ന് നികുതി വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ചരക്കുസേവന നികുതി നടപ്പിലാക്കിയത് വാണിജ്യ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | ചരക്ക സേവന നികുതി നടപ്പിലാക്കിയത് വാണിജ്യ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറിച്ച്, വാണിജ്യ മേഖലയ്ക്ക് ഉണർവ് നൽകുന്ന നികുതി പരിഷ്കാരമായാണ് ഇത് വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പൂർണ്ണമായും ലഭ്യമാകുന്നതും നികുതിക്കുമേൽ നികുതിയില്ലാത്തതുമായ പൂർണ്ണമായും സുതാര്യമായ നികുതി സംവിധാനമാണ് ജി.എസ്.ടി. ഈ സമ്പ്രദായം പ്രകാരം വ്യാപാരി വ്യവസായികൾ സ്വയം നികുതി നിർണയിച്ച് റിട്ടേൺ ഫയൽ ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ ഇപെടൽ മുമ്പുണ്ടായിരുന്ന നികുതി വ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണ്. കൂടാതെ, സംസ്ഥാന അതിർത്തികൾ തമ്മിൽ വേർതിരിക്കുന്ന ചെക്ക്പോസ്റ്റ് സമ്പ്രദായം പൂർണ്ണമായും നിർത്തലാക്കിയതിനെത്തുടർന്ന് ചരക്ക നീക്കത്തിനുള്ള സമയവും ചെലവും ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന് വ്യാപാരികൾ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, കയറ്റുമതിയുമായി ബന്ധപ്പെട്ട റീഫണ്ടുകൾ സമയബന്ധിതമായി നൽകുന്നതിനാൽ അന്യരാജ്യങ്ങളിലെ ഉല്പാദകരുമായി മത്സരിക്കാനും ഇവരെ പ്രാപ്തരാക്കുന്നു. ഇങ്ങനെ മൊത്തമായി വിലയിരുത്തുമ്പോൾ ചരക്കുസേവന നികുതി സമ്പ്രദായം വാണിജ്യ വ്യവസായ മേഖലകൾക്ക് ഉണർവ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ